# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ജനുവരി 19

## വാർത്താക്കുറിപ്പ്

### എം.ജി. ബി.എഡ് ഏകജാലകം; രണ്ടാം ഫൈനൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബി.എഡ്. പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ചവർ ജനുവരി 21ന് വൈകീട്ട് നാലിനകം ബന്ധപ്പെട്ട കോളേജുകളിൽ സ്ഥിരപ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്മെന്റ് റദ്ദാക്കും.

(പി.ആർ.ഒ/39/74/2021)

### പി.ജി. ഏകജാലകം; രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി.ജി. പ്രവേശനത്തിനുള്ള രണ്ടാം സപ്ലിമെന്ററി അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ചവർ ജനുവരി 21ന് വൈകീട്ട് നാലിനകം ബന്ധപ്പെട്ട കോളേജുകളിൽ സ്ഥിരപ്രവേശനം നേടണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം നേടാത്തവരുടെ അലോട്മെന്റ് റദ്ദാക്കും.

(പി.ആർ.ഒ/39/75/2021)

### ബി.എ./ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകേന്ദ്രം

ജനുവരി 20 മുതൽ ആരംഭിക്കുന്ന മൂന്ന്, നാല് സെമസ്റ്റർ ബി.എ./ബി.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകളുടെ പരീക്ഷകേന്ദ്രങ്ങളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത പരീക്ഷകേന്ദ്രത്തിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അനുവദിച്ച പരീക്ഷകേന്ദ്രത്തിൽ എത്തണം.

(പി.ആർ.ഒ/39/76/2021)

### ബി.എ./ബി.കോം. പരീക്ഷകേന്ദ്രം

ജനുവരി 20 മുതൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ./ബി.കോം. (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷയുടെ പരീക്ഷകേന്ദ്രങ്ങളുടെ വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/77/2021)

### ബി.കോം പരീക്ഷകേന്ദ്രം

ജനുവരി 20 മുതൽ ആരംഭിക്കുന്ന മൂന്നും നാലും സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്. - 2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ റീഅപ്പിയറൻസ് – പ്രൈവറ്റ്) പരീക്ഷയ്ക്ക് കൊച്ചിൻ കോളേജ് പരീക്ഷകേന്ദ്രമായി അപേക്ഷിച്ച വിദ്യാർഥികൾ (രജി. നമ്പർ 180050019587 - 180050019646 - ടാക്

സേഷൻ, 180050019752-180050019763 - ട്രാവൽ ആന്റ് ടൂറിസം, 170050015052-170050015229 - കോ-ഓപ്പറേഷൻ (സപ്ലിമെന്ററി)) കൊച്ചിൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി പെരുമ്പാവൂർ വെങ്ങോല ജയ് ഭാരത് ആർട്സ് ആന്റ് സയൻസ് കോളേജിൽ പരീക്ഷയെഴുതണം. വിശദവിവരത്തിന് ഫോൺ: 0481-2733690, 2733605.

(പി.ആർ.ഒ/39/78/2021)

## അപേക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എ./എം.എസ് സി./ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.എം.എച്ച്./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ/2015, 2016, 2017, 2018 അഡ്മിഷൻ സപ്ലിമെന്ററി/2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 22 മുതൽ 27 വരെയും 525 രൂപ പിഴയോടെ ജനുവരി 29 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 30 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ കോളേജ് വഴിയാണ് ഫീസടയ്ക്കേണ്ടത്. റഗുലർ വിദ്യാർഥികൾ സെമസ്റ്ററിന് 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 45 രൂപ വീതവും (സെമസ്റ്ററിന് പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ആദ്യ മേഴ്സിചാൻസ് പരീക്ഷയെഴുതുന്നവർ 5250 രൂപയും രണ്ടാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 7350 രൂപയും മൂന്നാം മേഴ്സി ചാൻസ് പരീക്ഷയെഴുതുന്നവർ 10500 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/79/2021)

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. സൈബർ ഫോറൻസിക് (2018 അഡ്മിഷൻ റഗുലർ/2014-2017 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷയ്ക്ക് പിഴയില്ലാതെ ജനുവരി 21 വരെയും 525 രൂപ പിഴയോടെ ജനുവരി 22 വരെയും 1050 രൂപ സൂപ്പർഫൈനോടെ ജനുവരി 23 വരെയും ഓൺലൈനായി അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/80/2021)

## അപേക്ഷ തീയതി നീട്ടി

അഞ്ചാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്./സി.ബി.സി.എസ്.എസ്.) പരീക്ഷകൾക്ക് പിഴയില്ലാതെ ജനുവരി 22 വരെയും ഫൈനോടെ ജനുവരി 23 വരെയും സൂപ്പർഫൈനോടെ ജനുവരി 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/81/2021)

## വൈവാവോസി

2020 നവംബറിൽ നടന്ന നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ വൈവാവോസി ജനുവരി 28, 29 തീയതികളിൽ എറണാകുളം ഗവൺമെന്റ് ലോ കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/82/2021)

## പരീക്ഷഫലം

2020 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എച്ച്.എം. (2018 അഡ്മിഷൻ റഗുലർ/2013 - 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/83/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. തമിഴ് സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി മൂന്നുവരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/84/2021)

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി

മൂന്നുവരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/85/2021)

2019 ഡിസംബറിൽ നടന്ന ഒന്നുമുതൽ അഞ്ചുവരെ സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി/മേഴ്സി ചാൻസ് (2020 അഡ്മിഷൻ മുതൽ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി രണ്ടുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/86/2021)

## ഏകവിഷയ പ്രബന്ധ പ്രസിദ്ധീകരണവുമായി മഹാത്മാഗാന്ധി സർവകലാശാല

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഏകവിഷയ പ്രബന്ധ പ്രസിദ്ധീകരണത്തിന് (മോണോഗ്രാഫ്) തുടക്കമായി. അഞ്ചു മോണോഗ്രാഫുകളുടെ പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിച്ചു. അധ്യാപകരായ ഡോ.എം.എച്ച്. ഇല്യാസ്, ഡോ. പി.പി. നൗഷാദ്, ഡോ. ബിജു ലക്ഷ്മണൻ, ഡോ. സി.ആർ. ഹരിലക്ഷ്മീന്ദ്രകുമാർ, കെ.എ. മഞ്ജുഷ എന്നിവർ വിവിധ വിഷയങ്ങളിൽ തയാറാക്കിയ മോണോഗ്രാഫുകളാണ് പ്രസിദ്ധീകരിച്ചത്. ഡോ. എം. രാജേഷ്, ഡോ. രേഖ രാജ്, ഡോ. അഭിലാഷ് ജി. നാഥ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. സർവകലാശാലയിലെ നൂതന അക്കാദമിക സംരംഭമാണിത്.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഏകവിഷയ പ്രബന്ധ പ്രസിദ്ധീകരണത്തിന്റെ (മോണോഗ്രാഫ്) പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് നിർവഹിക്കുന്നു**

(പി.ആർ.ഒ/39/87/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ